**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3041** **18-03-2022 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയിലെ ഡിജിറ്റൽ ബില്ലിംഗ് സിസ്റ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഉപഭോക്താക്കൾക്കുള്ള എല്ലാ ബില്ലുകളും രസീതുകളും സർട്ടിഫിക്കറ്റുകളും പരാതികളും ഡിജിറ്റലാക്കാൻ ജല അതോറിറ്റി തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | (എ) | ഉണ്ട്. 2022 ആഗസ്റ്റ് 15 ഓടെ സംസ്ഥാനം സമ്പൂർണ്ണ ഡിജിറ്റൽ ആകുമെന്ന് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ സേവനങ്ങളും ഡിജിറ്റൽ ആക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | മീറ്റർ റീഡിംഗ് നടത്തിയാൽ ഉടൻ തന്നെ ബില്ല് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഫോൺ മെസ്സേജുകളെക്കുറിച്ചും ഡിജിറ്റൽ സേവനങ്ങളെക്കുറിച്ചും ധാരണയില്ലാത്ത സാധാരണക്കാരെ നിലവിലെ ബില്ലിംഗ് സമ്പ്രദായം ഏത് രീതിയിലാണ് ബാധിക്കുകയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇപ്പോൾ റീഡിങ് എടുത്തു പേപ്പർ ബില്ലുകൾ നൽകുന്നതിനു പകരം ബില്ലുകൾ SMS ആയി ഉപഭോകതാക്കളുടെ രജിസ്റ്റേർഡ് മൊബൈൽ നംമ്പറുകളിൽ നൽകി വരുന്നു. SMS ലൂടെ ബില്ലുകൾ നൽകുന്നതിന്റെ ആദ്യ ഘട്ടമായി തിരുവനന്തപുരം നോർത്ത് / സൗത്ത് ഡിവിഷനുകളിൽ ജൂലൈ 2021 മുതൽ നടപ്പിലാക്കിയ സമ്പ്രദായം വിജയകരമാണെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് സംസ്ഥാനം ഒട്ടാകെ ഫെബ്രുവരി 2022 മുതൽ SMS സംവിധാനം വ്യാപിപ്പിക്കാൻ തീരുമാനിച്ചത്. പേപ്പർ ബില്ലുകൾ വേണമെന്ന് ആവശ്യപ്പെടുന്ന ഉപഭോകതാക്കൾക്ക് അതു നൽകുന്നതിന് ഉള്ള നിർദ്ദേശം എല്ലാ ഓഫീസികൾക്കും നൽകിയിട്ടുണ്ട്. |
| (സി) | ഉപഭോക്താക്കളിൽ പലരും യഥാർത്ഥ ഉടമസ്ഥർ അല്ലാത്തതിനാൽ വെള്ളക്കരം അടയ്ക്കുന്നത് പ്രതിസന്ധിയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ഡി) | ഇ-ബില്ലിംഗ് സിസ്റ്റം നടപ്പിലാക്കിയ സാമ്പത്തിക വർഷത്തെ വരുമാനവും തൊട്ട് മുൻ സാമ്പത്തിക വർഷത്തെ വരുമാനവും തരംതിരിച്ച് വിശദീകരിക്കാമോ; | (ഡി) | SMS വഴി ബില്ലുകൾ നൽകുന്ന സമ്പ്രദായം ഫെബ്രുവരി 2022 മുതൽ മാത്രമാണ് സംസ്ഥാനമൊട്ടാകെ നടപ്പിലാക്കിയത് . 2020-21, 2021-22 വർഷങ്ങളിലെ ഏപ്രിൽ മുതൽ ഫെബ്രുവരി വരെയുള്ള വരുമാനം താരതമ്യം ചെയ്തുള്ള സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | മീറ്റർ റീഡിംഗ് യഥാസമയം നടക്കാത്തതുമൂലം | (ഇ) | ശ്രദ്ധയിൽപെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | സംസ്ഥാനത്ത് ആകമാനം ഉപഭോക്താക്കൾക്ക് ബില്ല് അടയ്ക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

| Amount in Crore (April to February) | | | | | | |
|---|---|---|---|---|---|---|
| Year | Dome stic | Non Domestic/Special | Industrial | Others | Street Taps | Total |
| 2020-21 | 209.45 | 153.54 | 12.2 | 33.23 | 77.33 | 485.74 |
| 2021-22 | 231.06 | 158.28 | 13.36 | 20.77 | 79.02 | 502.48 |